പൂർണ്ണമായും സൗജന്യമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ജില്ലാ ആശുപത്രിയിൽ വരുന്ന പക്ഷാഘാത രോഗികൾക്ക് അരമണിക്കൂറിനകം അമൃത ഇൻസ്റ്റിറ്റ്യൂട്ടിലെ ന്യൂറോളജിസ്റ്റുകളുടെ വിദഗ്ധ ഉപദേശത്തോടുകൂടി 'Thrombolysis' ഉൾപ്പെടെയുള്ള ചികിത്സ ലഭ്യമാക്കാൻ ഇതിലൂടെ സാധിക്കുന്നു. ഡോക്ടർമാർക്കുള്ള പരിശീലനം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇതിനോടകം നൽകി കഴിഞ്ഞു.

(ഡി) പക്ഷാഘാതം വന്ന രോഗികൾക്ക് ജീവിതത്തിലേക്ക് തിരിച്ച് എത്തുന്നതിനായി ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ ഫിസിയോതെറാപ്പി നൽകുന്നതിനുമുള്ള സ്ട്രോക്ക് റീഹാബിലിറ്റേഷൻ യൂണിറ്റുകൾ ഈ സാമ്പത്തിക വർഷം പത്ത് ജില്ലാ ആശുപത്രികളിൽ ആരംഭിച്ചിട്ടുണ്ട്. ഈ യൂണിറ്റുകളിൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഒരുകോടി നാല്പത്തിരണ്ട് ലക്ഷം രൂപ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഫണ്ട് ഇതിനോടകം എല്ലാ ജില്ലകൾക്കും നൽകിയിട്ടുണ്ട്.

കായംകുളം താലൂക്കാശുപത്രിയിൽ ടോമാ കെയർ യൂണിറ്റ്

45 (752) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം താലൂക്കാശുപത്രിയിൽ ടോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കായംകുളം താലൂക്കാശുപത്രിയിൽ ടോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

കായംകുളം താലൂക്കാശുപത്രിയിൽ കക്കൂസ് മാലിന്യങ്ങൾ

46 (753) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താലൂക്കാശുപത്രിയിൽ കക്കൂസ് മാലിന്യങ്ങൾ പൊട്ടി ഒലിച്ച് പൊതു നിരത്തിലേക്ക് ഒഴുകി ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തരമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ സെപ്റ്റിക്ക് ടാങ്ക് ലീക്ക് ചെയ്യുന്നില്ല. ശാശ്വത പരിഹാരത്തിനായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ മുടങ്ങിക്കിടന്ന ജോലികൾ പുനരാരംഭിച്ചിട്ടുണ്ട്.

കായംകളം താലൂക്കാശുപത്രിയിൽ സർജനെ നിയമിക്കുന്നത്

47 (754) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകളം താലൂക്കാശുപത്രിയിൽ സർജനെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

കായംകളം താലൂക്കാശുപത്രിയിൽ സർജൻ ഉൾപ്പെടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ 19645/എം1/13/ആകവ നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്. ടി പ്രൊപ്പോസലിലെ തസ്തികകളുടെ എണ്ണം 226 ആയതിനാൽ അത്യാവശ്യം വേണ്ട തസ്തികകൾ മാത്രം ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ സർക്കാർ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനം

48 (755) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യവികസനം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly